(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥിതിവിവരശേഖരണ വിഭാഗം "ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ" പദ്ധതി അനുസരിച്ച് മൃഗസംരക്ഷണ മേഖലയിലെ പുരോഗതിയെപ്പറ്റി പ്രത്യേകിച്ച് ക്ഷീരോല്പാദനം ക്ഷീര ഉപഭോഗം, ക്ഷീരലഭ്യത, വില, കന്നുകാലികളിൽനിന്ന് ലഭിക്കുന്ന മറ്റു ഉല്പന്നങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തി വർഷംതോറും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. കൂടാതെ അഞ്ചുവർഷത്തിൽ ഒരിക്കൽ സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെപ്പറ്റിയുള്ള കാനേഷുമാരികണക്കും തയ്യാറാക്കുന്നു. 1989-90 കാലഘട്ടത്തിൽ സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ വിവിധ മേഖലകളെ സംബന്ധിച്ച് കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, സിസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, ഡിപ്പാർട്ടുമെന്റ് ഓഫ് ജിയോഗ്രാഫി, യൂണിവേഴ്സിറ്റി ഓഫ് സൂറിക് തുടങ്ങിയവ സംയുക്തമായി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വേയുടെ വെളിച്ചത്തിൽ ഒരു നയസമീപന രേഖയ്ക്കും രൂപം നൽകിയിട്ടുണ്ട്.

(ഇ) സങ്കര പ്രജനന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1999-2000 വർഷത്തിൽ പുതിയ 200 ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ഉണ്ട്. പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതിയിൽ ഈ വർഷം പുതുതായി 10,000 കന്നുകുട്ടികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും പ്രതിരോധശക്തി കൂടിയ വാക്സിൻ ഉപയോഗിച്ച് കുളമ്പ് രോഗത്തിനെതിരായ പ്രതിരോധകുത്തിവയ്പ്പ് നടത്തുന്നതിനുള്ള ഒരു പദ്ധതിയും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കന്നുകാലി പ്രജനന സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയും, പച്ചപുല്ലിന്റെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

14 (*294) ക്ഷീരകർഷകരിൽനിന്ന് പാൽ ശേഖരിക്കുന്നതിനുള്ള നിബന്ധന

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വർഗ്ഗീസ് വൈദ്യർ :- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരിൽനിന്നും പാൽ ശേഖരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ:

(ബി) എങ്കിൽ പ്രസ്തുത നിബന്ധന എന്തെന്നും എന്നുമുതലാണ് നിലവിൽ വന്നതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിബന്ധനകൾ സംസ്ഥാനത്തെ ആയിരക്കണക്കിനുള്ള ക്ഷീരകർഷകരെയും ക്ഷീരസംഘങ്ങളെയും പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)പാൽ ശേരിക്കുന്നതിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ സംസ്ഥാനത്തെ സ്വകാര്യ പാൽ വിപണന കമ്പനികൾക്ക് സർക്കാർ ബാധകമാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെടുമോ;

(ജി) എങ്കിൽ പ്രസ്തുത നിബന്ധനകൾമൂലം ക്ഷീരകർഷകർ സ്വകാര്യ കമ്പനികളെ ആശ്രയിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(എച്ച്) പ്രസ്തുത പ്രവണത മിൽമയുടെ പ്രവർത്തനത്തെ ക്ഷയിപ്പിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) നിബന്ധന ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും ഇപ്പോൾ പ്രത്യേക പ്രതിസന്ധിയൊന്നും നേരിടുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

(ജി),(എച്ച്)&(ഐ) ചോദ്യം ഉദിക്കുന്നില്ല.

15 (*295) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം

ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനലിറ്റിക്കൽ ലാബുകളുടെ പ്രവർത്തനം മന്ദീഭവിക്കുന്നതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് ഇന്നുള്ള അനലിറ്റിക്കൽ ലാബ് ഓഫീസുകളുടെ കുറവും ജീവനക്കാരുടെ കുറവും ഇതിന് ഒരു കാരണമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly